പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5969 | 07.07.2014 ലെ മറുപടിയ്ക്ക്

## കൃഷിയിറക്കാതെ കിടക്കുന്ന ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൃഷി ചെയ്യാതെ ധാരാളം ഭൂമി ഉണ്ടെന്നുള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കൃഷി ചെയ്യാതെ കിടക്കുന്ന ഇത്തരം ഭൂമികളിൽ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി കൃഷി നടത്തുവാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) 2014-2015 വർഷം ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 1550 ഹെക്ടർ തരിശുഭൂമിയിൽ ഹെക്ടറിന് 15,000/- രൂപ സബ്സിഡി നിരക്കിൽ നെൽകൃഷി ചെയ്യുന്നതിനുള്ള 232.50 ലക്ഷം രൂപയുടെ പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു. ടി പദ്ധതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി കൃഷി നടത്തുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (സി) ഉണ്ട്. 2014-15 സാമ്പത്തിക വർഷത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) 180000 ഹെക്ടറിലേക്ക് 2700 ലക്ഷം രൂപയും നെൽകൃഷി വികസന ഏജൻസികൾക്ക് ഉള്ള ധനസഹായത്തിനായി 150 ലക്ഷം രൂപയും പ്രത്യേക നെല്ലിനങ്ങളുടെ വികസനത്തിനായി 2000 ഹെക്ടറിന് 200 ലക്ഷം രൂപയും പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി 302 ലക്ഷം രൂപയും വകയിരുത്തി നാളിതുവരെ പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>സംസ്ഥാനത്ത് തരിശുനിലം കൃഷിയോഗ്യമാക്കി മാറ്റുന്നതിന് 2014-15-ലെ പച്ചക്കറി കൃഷി വികസന പദ്ധതിയിൻ കീഴിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം പച്ചക്കറി കൃഷിയ്ക്ക് അനുയോജ്യമായ 500 ഹെക്ടർ തരിശു നിലത്ത് പച്ചക്കറി കൃഷി ചെയ്യുവാനാണ് ലക്ഷ്യമിടുന്നത്. ഒരു ഹെക്ടറിൽ കൃഷി ചെയ്യുന്നതിന് ഭൂവുടമയ്ക്ക് 5000 രൂപയും കൃഷി ചെയ്യുന്ന ആളിന് 25000 രൂപയും സഹായമായി നൽകും. പദ്ധതി സംബന്ധിച്ച പ്രവർത്തന നിർദ്ദേശങ്ങളും ഭൗതീക ലക്ഷ്യവും എല്ലാ ജില്ലകൾക്കും നൽകിക്കഴിഞ്ഞു. 500 ഹെക്ടർ തരിശു |

നിലം കൃഷി ചെയ്യുന്നതിന് 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ കൃഷി ചെയ്യാതെ തരിശായിക്കിടന്ന ഭൂമി കൃഷിയോഗ്യമാക്കി മാറ്റി അതുവഴി ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും അതുവഴി സംസ്ഥാനത്ത് പച്ചക്കറികൃഷിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്താക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശം. തരിശു നിലത്തിൽ പച്ചക്കറി കൃഷി എന്ന പദ്ധതി നടപ്പിലാക്കുന്നത് വഴി സംസ്ഥാനത്ത് 500 ഹെക്ടർ തരിശു് നിലത്തിൽ പച്ചക്കറി കൃഷി ചെയ്യാനും അധികമായി 6000 ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാനും കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ